## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.464 12.06.2012 ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിൽ എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും കൺസെഷൻ അനുവദിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ ആനുകൂല്യം നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഏതൊക്കെ വിഭാഗം ബസ്സുകളിലാണ് കൺസെഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി ബസ്സുകളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (സി) ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മലപ്പുറം ജില്ലയിൽ ഈ ആനുകൂല്യം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സ്വകാര്യ ബസ്സുകളുടെ ആധിക്യമുള്ള മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സിയുടെ ഓർഡിനറി സർവ്വീസുകൾ നാമമാത്രമാണ്. ഈ സർവ്വീസുകളിൽ യാത്ര ചെയ്യുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും കൺസഷൻ ടിക്കറ്റ് വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) മലപ്പുറം ജില്ലയിൽ എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും കൺസെഷൻ അനുവദിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമോ; | (ഡി) | ബസ്സുകളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ. കൂടുതൽ ഓർഡിനറി സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (ഇ) ഇല്ലെങ്കിൽ ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ സ്റ്റുഡൻസ് ഓൺലി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇക്കാര്യം ബസ്സുകളുടെ ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ക്ര.